
# THE BIBLE TRUTH



## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോഠം,നിങ്ങഠം സ്ഥലം മാറുമ്പോഠം, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിൻെറ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോഠം അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികഠം മാസങ്ങഠംക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോഠം അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിററർ

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 12** **April 1998** **No. 1**


## എഡിറ്റോറിയൽ

ഇന്നു നാം നേരിടുന്ന വെല്ലുവിളികളിൽ മുൻപന്തിയിൽ നില്ക്കുന്ന ഒന്നാണ് ജഡവും ആത്മാവും തമ്മിലുള്ള പോരാട്ടം. വാസ്തവത്തിൽ ഇതിന്റെ കാരണവും പ്രതിവിധിയും കണ്ടെത്തുന്നവർ വളരെ വിരളമാണ്. ലോകത്തിലുള്ള മനുഷ്യർ അവർക്കിടയിൽ ഉണ്ടാകുന്ന ഉരസലുകൾക്കു കണ്ടെത്തുന്ന കാരണങ്ങൾ എല്ലാം ലൗകികമാണ്. രണ്ടു പേർ തമ്മിൽ ഉണ്ടാക്കിയ ഉടമ്പടി ലംഘിക്കുന്നതുകൊണ്ടോ അഭിപ്രായങ്ങൾ തമ്മിൽ പൊരുത്തപ്പെടാൻ കഴിയാത്തതുകൊണ്ടോ ഇതുണ്ടാകുന്നു. വ്യക്തി ബന്ധങ്ങളുടെ മാനദണ്ഡം മനസിലാക്കാതെ പ്രവർത്തിക്കുന്നവർക്കാണ് ഇതു ബാധകമാകുന്നത്. അതുമൂലം അന്യോന്യം കലഹിക്കുകയും പോർ വിളി നടത്തുകയും ചെയ്യുന്നു. അതുകൊണ്ടു അവർ എന്തു നേടുന്നു എന്നു ചിന്തിക്കുന്നില്ല.

കുടുംബങ്ങളിൽ ഭാര്യയും ഭർത്താവും തമ്മിൽ, സഹോദരങ്ങൾ തമ്മിൽ എല്ലാം ഇതുണ്ടാകുന്നു. മാതാപിതാക്കളും മക്കളും തമ്മിൽ ശണ്ഠയിടാറുണ്ട്. അതിന്റെ യഥാർത്ഥ കാരണങ്ങളിലേക്കു നാം എത്തി നോക്കിയാൽ യഥാർത്ഥത്തിൽ കഴമ്പുള്ള ഒന്നുമുണ്ടായിരിക്കയില്ല. ഞാൻ പറയുന്നതു എല്ലാവരും അംഗീകരിക്കണമെന്ന വാശിയായിരിക്കാം. അല്ലെങ്കിൽ ഒരാൾക്കു മറ്റൊരാളെ ഭരിക്കണമെന്നാ

യിരിക്കും. അവരുടെ ഈ കാര്യത്തിലുള്ള അജ്ഞതയാണ് അവരെ ഇങ്ങനെ പ്രതികരിക്കാൻ പ്രേരിപ്പിക്കുന്നത്. വാസ്തവത്തിൽ സ്നേഹം പ്രകടമാക്കുവാൻ കഴിയുന്നവർ ഇത്തരം സാഹചര്യങ്ങളിൽ ഒതുങ്ങും. അല്ലാത്തവർ അവരുടെ വികാരത്തിനു അടിമപ്പെടും. വിവേകമില്ലാതെ സംസാരിക്കയും പ്രവർത്തിക്കയും ചെയ്യും. അനന്തരഫലമോ ബന്ധങ്ങൾ പിരിയുകയും ദുഃഖം അനുഭവിക്കയും ചെയ്യും എന്നതാണ്. ശരീരത്തെ മുന്നിൽ കൊണ്ടുവരാൻ ഇഛിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്നോർക്കുക.

ആത്മിക ഗോളത്തിലും പിശാച് മനുഷ്യഹൃദയങ്ങളിൽ കടന്നു സംശയങ്ങൾ ജനിപ്പിച്ച് പോരാട്ടം സൃഷ്ടിക്കും. എന്നാൽ ഇതു പിശാചിന്റെ തന്ത്രമാണെന്നു മനസിലാക്കാതെ ജഡത്തിനു കീഴ്പ്പെട്ടു കൊണ്ടു പോരാടുന്നവർ അവരുടെ ആത്മാക്കളെയാണ് നഷ്ടപ്പെടുത്തുക. അവിടെ ജയിക്കുന്നത് വാസ്തവത്തിൽ പിശാചാണ്. എന്താണ് പ്രതിവിധി? ദൈവ വചനം അനുസരിക്കാത്തവർ, ക്രിസ്തുവിന്റെ കല്പനകൾ പ്രമാണിച്ച് ജീവിക്കുക. അനുസരിച്ച് കഴിഞ്ഞവർ ആത്മാവിനു കീഴ്പ്പെട്ടു ആത്മാവിനെ അനുസരിച്ചു ജഡത്തിന്റെ ഇഛകളെ അകററുക. ആത്മാവിനെ അനുസരിച്ച് നിങ്ങൾ ജീവിക്കുന്നു എങ്കിൽ ജഡം നിങ്ങളെ കീഴ്പ്പെടുത്തുകയില്ല. അപ്പോൾ നിങ്ങൾക്കു എതിരായി ഉയരുന്ന ഏതു പോരാട്ടത്തേയും അതിജീവിക്കാൻ ദൈവം ശക്തി പകരും. ദൈവത്തിന്നു കീഴ്പ്പെടുമ്പോൾ പിശാച് നമ്മെ വിട്ടു പോകും. ജഡം നശിച്ചു പോകുന്നതാകയാൽ അതിനെ കുറിച്ച് വിഷമിക്കാനില്ല. ആത്മാവ് നിത്യമാകയാൽ ആത്മാവിനെ സൂക്ഷിക്കുക.

*

# പെന്തെക്കൊസ്തു നാളും പെന്തെക്കൊസ്തു പ്രസ്ഥാനങ്ങളും

## J. C. ചോട്ട്

ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു പെന്തെക്കൊസ്ത് എന്ന വാക്ക് സുപരിചിതമായിരിക്കും. ആ വാക്കിന്റെ യഥാർത്ഥ അർത്ഥം പലർക്കും അറിഞ്ഞുകൂടാ എന്നത് പരമാർത്ഥമാണ്. പലരും ആ വാക്ക് സന്ദർഭത്തിനു യോജിക്കാത്ത വിധത്തിലാണ് എടുത്തിട്ടുള്ളത്. ആ വാക്ക് എടുത്തുകൊണ്ടു തിരുവചനത്തിനു അന്യമായ ഉപദേശങ്ങളും പരിശീലനങ്ങളും രൂപപ്പെടുത്തിയിരിക്കയാണ്. ദൈവഹിതത്തിനപ്പുറമായി വ്യതി ചലിച്ചിരിക്കുന്ന സമൂഹങ്ങളെ നമുക്ക് ഇതിലൂടെ കാണ്മാൻ കഴിയും. ദൈവ സന്നിധിയിൽ ഇതു സ്വീകാര്യമോ എന്നു ചിന്തിക്കുന്നതു നന്നായിരിക്കുമല്ലൊ.

പുതിയ നിയമത്തിലാണ് പെന്തെക്കൊസ്തു എന്ന പദം പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. പെസഹ കഴിഞ്ഞ അമ്പതാം ദിവസം എല്ലായ്പ്പോഴും ഞായറാഴ്ച്ചയാണ് വരുന്നത്. യഹൂദന്മാരുടെ വർഷത്തിലെ മൂന്ന് പെരുന്നാളുകളിൽ മുഖ്യമായതാണ് പെന്തെക്കൊസ്ത്. പെസഹയും കൂടാരപെരുന്നാളും ആണ് മററു രണ്ട് പെരുന്നാളുകൾ. കൊയ്ത്തു പെരുന്നാൾ എന്നു കൂടെ അതിനെ വിളിക്കുന്നുണ്ട് (പുറപ്പാട് 23:16). യഹോവക്കു ആദ്യ വിളവു കൊടുക്കുന്ന പെരുന്നാളും (ലേവ്യപുസ്തകം 23:17) വാരോത്സവ പെരുന്നാളും അവർ ആഘോഷിക്കുമായിരുന്നു (ആവർത്തന പുസ്തകം 16:10). ഈ വേദ ഭാഗങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ യെഹൂദന്മാർ എല്ലാവരും അവരുടെ വിളവെടുപ്പു കാലം അവസാനിക്കുന്നതോടെ അവർ യഹോവയുടെ സന്നിധിയിൽ ചെന്നു ഈ പെരുന്നാൾ ആഘോഷിക്കയാണ് ചെയ്യുന്നത്.

ഇത്തരം ഒരു പെന്തെക്കൊസ്തു നാളിലാണ് ദൈവം തന്റെ സഭയുടെ ജന്മനാളായി തിരഞ്ഞെടുത്തത്. അതായത് പെന്തെക്കൊസ്തു നാളിലാണ് കർത്താവിന്റെ സഭ ആരംഭിച്ചത് എന്നർത്ഥം.

യേശു, തന്റെ വ്യക്തിപരമായ ശുശ്രൂഷാ സമയങ്ങളിൽ അപ്പൊസ്തലന്മാർ എന്ന പേരിൽ കുറെ പേരെ തിരഞ്ഞെടുത്തു പരിശീലിപ്പിക്കയും പഠിപ്പിക്കയും ചെയ്തു തന്റെ വേർപാടിനുശേഷം തന്റെ ദൗത്യം നിർവ്വഹിക്കുവാനാണ് യേശു അപ്രകാരം ചെയ്തത്. ഒരു തെററും സംഭവിക്കാത്ത രീതിയിൽ ആയിരുന്നു അതെല്ലാം നടന്നത്. അവൻ അവർക്ക് പരിശുദ്ധാത്മ ശക്തി വാഗ്ദാനം ചെയ്തിരുന്നു. ഒരു കാര്യസ്ഥനായി പ്രവർത്തിക്കേണ്ടതിനായിരുന്നു ആ വാഗ്ദാനം. അവൻ അവരെ പഠിപ്പിച്ച സകല സത്യത്തിലും വഴി നടത്തി (യോഹന്നാൻ 14:26;16:13). പരിശുദ്ധാത്മ ശക്തിയാൽ, യേശു അവരെ പഠിപ്പിച്ച സകല സത്യവും അവരെ ഓർമ്മപ്പെടുത്തി, സത്യം മാത്രം പഠിപ്പിക്കുവാനും, അന്യഭാഷകളിൽ സംസാരിക്കുവാനും അത്ഭുതങ്ങൾ, വീര്യപ്രവർത്തികൾ പ്രവർത്തിക്കുവാനും, ഭാവിയിൽ സംഭവിപ്പാനുള്ള കാര്യങ്ങൾ മുൻകൂട്ടി അറിയിക്കുവാനും അവർക്കു പ്രചോദനം ലഭിച്ചത് അങ്ങനെയായിരുന്നു. അന്നു പുതിയ നിയമം എഴുതപ്പെട്ടില്ലായിരുന്നതിനാൽ അപ്പൊസ്തലന്മാരുടെ വാക്കുകൾ ദൈവത്തിന്റേതാണെന്ന് ആളുകളെ വിശ്വസിപ്പിച്ച് ഉറപ്പിക്കുവാൻ അവർ നടത്തിയതായ അത്ഭുതങ്ങൾ സഹായകരമായി തീർന്നു

യേശുക്രിസ്തു മരിച്ചു അടക്കപ്പെട്ടു ഉയിർത്തെഴുന്നേററ ശേഷം അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മ ശക്തി ലഭിക്കുവോളം യെരുശലേമ്മിൽ കാത്തിരിക്കാൻ ആവശ്യപ്പെട്ടിരുന്നു (ലൂക്കൊസ് 24:49). പിന്നീട് അവർ യെരുശലേം, യെഹൂദ്യ, ശമര്യ തുടങ്ങി ഭൂമിയുടെ അററ

ത്തോളം അവൻെറ സാക്ഷികരം ആകേണം എന്നും ആജ്ഞാപിച്ചിരുന്നു (പ്രവൃത്തി 1:8). അവൻ അവരോടു പറഞ്ഞത്: ''ആകയാൽ നിങ്ങരം പുറപ്പെട്ടു പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളേയും ശിഷ്യരാക്കിക്കൊരംവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു (മത്തായി 28:19-20). ഇതിൽ നിന്നും മനസിലാക്കാവുന്ന കാര്യം വളരെ വ്യക്തമാണ്. കർത്താവിൻെറ കല്പനകരം എല്ലാവരെയും അറിയിക്കയും ആളുകരം അത് അനുസരിക്കയും വേണം. ലോകാവസാനത്തോളം കർത്താവ് അവരോടൊപ്പം ഉണ്ടാകും എന്നതായിരുന്നു വാഗ്ദാനം. അതുകൊണ്ടു അവർ അധൈര്യപ്പെടേണ്ട കാര്യമില്ലായിരുന്നു. കർത്താവിൻെറ അമിതമായ കൃപ അവർ അനുഭവിച്ചിരുന്നു.

ദൈവത്തിൻെറ ഭവനമായ സഭയുടെ ആരംഭത്തിനു വേണ്ടിയുള്ള ഒരുക്കങ്ങളായിരുന്നു അവയെല്ലാം. അതു ഭൂമിയിലെ ദൈവ രാജ്യമാണ്. യേശുക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണത്തിനുശേഷം അപ്പൊസ്തലന്മാർ യെരുശലേം പട്ടണത്തിൽ കൂടിയിരുന്നു. അവൻ തൻെറ ആത്മാവിനെ അവരുടെമേൽ പകരുകയും ആദ്യമായി രക്ഷക്കുള്ള സന്ദേശം അവിടെ പ്രസംഗിക്കപ്പെടുകയും ചെയ്തു.

അങ്ങനെ പെസഹക്കുഞ്ഞാടായിരുന്നു യേശുവിൻെറ ക്രൂശിലെ യാഗത്തിനുശേഷം വന്ന ആദ്യത്തെ പെന്തെക്കൊസ്തു നാളിൽ, സഭ സ്ഥാപിതമായി. ലോകത്തിലുള്ള എല്ലാ യെഹൂദന്മാരും വന്നു ചേരുന്ന ഈ ദിവസം എല്ലാവർക്കും സുവിശേഷം കേരംക്കുവാൻ പററിയ അവസരമായിന്നു. അന്നു സുവിശേഷം കേട്ട് അനുസരിച്ചവരെ കർത്താവ് രക്ഷിക്കുകയും തൻെറ സഭയോടു ചേർക്കുകയും ചെയ്തു. അവർ കുറെ നാരം അവിടെത്തന്നെ താമസിച്ച്

ആരാധിക്കുകയും സുവിശേഷ പ്രസംഗം നടത്തുകയും ചെയ്തുകൊണ്ടിരുന്നു. ആ സുവിശേഷം കേട്ട് മററനേകരും രക്ഷിക്കപ്പെടുകയും കൂട്ടായ്മ അനുഭവിക്കയും ചെയ്തു. പുതുതായി പരിവർത്തനം ചെയ്യപ്പെട്ടവർ തങ്ങളുടെ സ്വദേശങ്ങളിൽ മടങ്ങി പോയി വചനം പ്രസംഗിച്ചു അങ്ങനെ അവിടെയെല്ലാം സഭ ആരംഭിക്കയും ചെയ്തു. ഇതു ദൈവത്തിൻെറ പദ്ധതി ആയിരുന്നു.

''പെന്തെക്കൊസ്തു നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു കൊടിയ കാററടിക്കുന്നതുപോലെ ആകാശത്തു നിന്നു ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്നിരുന്ന കെട്ടിടം മുഴുവനും നിറെച്ചു. അഗ്നി ജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തൻെറ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യ ഭാഷകളിൽ സംസാരിച്ചു തുടങ്ങി (പ്രവൃത്തി 2:1-4). പെന്തെക്കൊസ്തു നാളിൽ അപ്പൊസ്തലന്മാർ അവിടെ ഒരുമിച്ചിരുന്നതും പരിശുദ്ധാത്മാവിൻെറ ശക്തി അവരുടെ മേൽ വന്നു അവർ അന്യ ഭാഷകളിൽ സംസാരിച്ചതും സുവിശേഷം കേട്ട് അനുസരിച്ച് 3,000 പേരെ കർത്താവ് രക്ഷിച്ച് തൻെറ സഭയോട് ചേർത്തതും ദൈവത്തിൻെറ പദ്ധതി ആയിരുന്നു.

എന്നാൽ ഇന്നു ലോകത്തിനു ഈ പെന്തെക്കൊസ്തുമായി എന്താണ് ബന്ധം? യെഹൂദന്മാരെ സംബന്ധിച്ച് അവർ പെന്തെക്കൊസ്തു പെരുന്നാൾ ആഘോഷിക്കുന്നു. എന്നാൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ആ ദിവസത്തിൻെറ പ്രാധാന്യം 1 അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവ് പകർന്ന നാൾ (2) സുവിശേഷം യെഹൂദന്മാരോടു ആദ്യമായി പ്രസംഗിച്ച നാൾ (3) സഭയുടെ ആരംഭം കുറിച്ച നാൾ എന്നിവ മാത്രമാണ്.

പക്ഷെ ഇന്നു മതപരമായി ധാരാളം ആളുകൾ പെന്തെക്കൊസ്തു അനുഭവത്തെ കുറിച്ച് പറഞ്ഞു കേൾക്കാറുണ്ട്. പലരും പെന്തെക്കൊസ്തുകാർ എന്നു അറിയപ്പെടുന്നു. ധാരാളം പേർ, തങ്ങൾ പെന്തെക്കൊസ്തു സഭയിലെ അംഗങ്ങളാണ് എന്നു അവകാശപ്പെടുന്നുണ്ട്. വേറെ ചില സഭക്കാരായ അസംബ്ലീസ് ഓഫ് ഗോഡ്, നസറീൻ സഭ, വിശുദ്ധ സഭ തുടങ്ങിയ കരിസ്മാററിക് പോലുള്ള സഭാവിഭാഗങ്ങളും പെന്തെക്കൊസ്തുകാർ എന്നു പറയാറുണ്ട്.

പെന്തെക്കൊസ്തിനെ കുറിച്ച് ചില കാര്യങ്ങൾ വ്യക്തമാക്കേണ്ടതുണ്ട്. ആദ്യമായി സുവിശേഷം പ്രസംഗിക്കുവാനും സഭ ആരംഭിക്കുവാനും ദൈവം തിരഞ്ഞെടുത്ത ദിവസത്തേക്കാൾ അപ്പുറമായി ഈ ദിവസത്തിനു പ്രാധാന്യമില്ല. ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും ഇതു ഓർമ്മിക്കുക. അതൊരു യെഹൂദ പെരുന്നാൾ ദിനമായിരുന്നു. ക്രിസ്ത്യാനികൾ തങ്ങളെ തിരിച്ചറിയേണ്ടതിനു ധരിക്കേണ്ട നാമമല്ല. ആ ദിവസം ദൈവം തിരഞ്ഞെടുക്കാനുള്ള കാരണം എല്ലാ യെഹൂദന്മാർക്കും സുവിശേഷം കേൾക്കുവാനും രക്ഷ പ്രാപിക്കുവാനും ഉള്ള അവസരം ഒരുക്കുകയായിരുന്നു.

**ആ കാലത്തിനുശേഷം ക്രിസ്ത്യാനികൾ ധരിക്കേണ്ട പേരായിരുന്നില്ല പെന്തെക്കൊസ്ത് എന്നത്. സഭയുടെ ആ ആരംഭ ദിവസത്തിനുശേഷം കർത്താവിന്റെ ജനത്തെ ഒരിക്കലും പെന്തെക്കൊസ്തുകാർ എന്നോ പെന്തെക്കൊസ്തു സഭ എന്നോ ബൈബിളിൽ വിളിച്ചിട്ടില്ല. അതിനു പകരം, വചനം അനുസരിച്ചവരെ ക്രിസ്ത്യാനികൾ എന്നും (പ്രവൃത്തി 11:26) സഭയെ ക്രിസ്തുവിന്റെ സഭ എന്നും ആണ് അറിയപ്പെട്ടിരുന്നത് (റോമർ 16:16).**

★

# മാനസാന്തരം

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

പാപംവെറുത്തെന്നു ചൊല്ലുന്നുവെങ്കിലും,
പാപകറയാൽ പുരളുന്നു നിത്യവും.
കാലംകടക്കുന്നു കോലംതിരിയുന്നു,
കാലനും കൂടെ ചിരിക്കുന്നു നിത്യവും.

എന്നും ജനന മരണ ദുഃഖങ്ങളാൽ,
കഷ്ടം സഹിക്കുന്നമാനവരാശിക്ക്.
ആശ്വാസമേകുന്ന ആനന്ദവാക്കിനാൽ,
ശാന്തനമാക്കുന്നു കാൽവറിനാഥനും.

ക്രൂശിലെകള്ളനും പാപംവെറുക്കുന്നു,
പറുദീസവാസേ പറക്കുന്നുസത്യമായ്.
ഉള്ളം തുറന്നു പറയുന്നവാക്കുകൾ,
കാൽവറിനഥനും സമ്മതംആണുപോൽ.

ക്രിസ്തുവിലായാൽ പുതുസൃഷ്ടിയാണവൻ,
പഴയതു മണ്ണിൽ മറഞ്ഞുപോമന്നേരം.
പാപംപെരുത്തുള്ള പാഴ്മരുഭൂമിയിൽ,
മായാമയക്കും കറക്കുംവളപ്പുമായ്.

കാലികൾ കൂട്ടംപോലോടി അലയുന്നു,
മണ്ണിലെ വാസം ചിരകാലമാകുമോ.
വിണ്ണിലെ വാസമതെണ്ണാൻ കഴിയുമോ,
ഉല്പത്തിതൊട്ടു വെളിപ്പാടുനോക്കിലും,
മനസിന്നൊരന്തരം കാണാത്തതെന്തെന്ന്,
നോക്കുകിൽ കാണുമേ പാപംഭയങ്കരം.

*

# പേരില്ലാത്ത സഭ

## ഡെന്നീസ്. ജി

ഈ ലോകത്ത് എവിടെ നോക്കിയാലും പല പേരുകളിൽ അറിയപ്പെടുന്ന സഭകൾ ഉണ്ട്. മാനുഷിക നാമങ്ങളാൽ അറിയപ്പെടുന്നവയാണ് ഭൂരിഭാഗവും. പുതിയ നിയമത്തിലെ സഭ ഒരു നാമധേയ വിഭാഗമോ, ഭിന്നിക്കപ്പെട്ട കൂട്ടമോ അല്ല. . പുതിയ നിയമ സഭയെ ഏതെങ്കിലും ഒരു പ്രത്യേക നാമത്തിൽ മാത്രം അറിയപ്പെടുന്നില്ല എന്നതും സ്മരണീയമത്രെ. ഇതു സഭയുടെ വിശേഷ സ്വഭാവത്തെ എടുത്തു കാണിക്കുന്നു. ബൈബിളിലെ സഭ കണ്ടെത്തുവാൻ ശ്രമിക്കുന്ന ഏതൊരാൾക്കും അതു സാധിക്കും. തിരിച്ചറിയാവുന്ന രീതിയിലാണ് സഭയെ വിവരിച്ചിരിക്കുന്നത്.

നാമധേയ വിഭാഗങ്ങൾക്കുള്ളതു പോലെയുള്ള സ്വന്തമായ നാമം ക്രിസ്തുവിന്റെ സഭയ്ക്കില്ല എന്നു തുറന്നു പറയട്ടെ. പ്രത്യേകമായി സൂചിപ്പിച്ചിട്ടുള്ള പേരുകൾ നാമധേയ വിഭാഗങ്ങൾക്കുണ്ട്. അതുകൊണ്ടാണ് അവയെ നാമധേയ വിഭാഗങ്ങൾ എന്നു വിളിക്കുന്നത്. എന്നാൽ പുതിയ നിയമ സഭ അങ്ങനെയല്ല. അതിനെ കർത്താവിന്റെ ആലയം എന്നും, ദൈവ ഭവനം, കർത്താവിന്റെ ശരീരം, ക്രിസ്തുവിന്റെ രാജ്യം എന്നെല്ലാം വിശേഷിപ്പിച്ചിട്ടുണ്ടെങ്കിലും അതിന്നേറതായ ഒരു പേരില്ല. വില മതിക്കാനാവാത്ത ഒരു ദൈവിക സ്ഥാപനമാണ് സഭ. സഭയുടെ മൂല്യവും ഘടനയും ഒന്നു വേറെ തന്നെയാണ്. അനേകം പേർ സഭയുടെ വില എന്തെന്നു മനസിലാക്കാത്തവരാണ്.

പുതിയ നിയമം എഴുതപ്പെട്ട ശേഷം മാത്രമാണ് നാമധേയ സഭകൾ ആരംഭിച്ചത്. അപ്പൊസ്തലന്മാരുടെ കാലശേഷം ദുരുപദേഷ്ടാക്കളാണ് അതിനുത്തരവാദികൾ. അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ, ശരിയായ പരിജ്

ഞാനമില്ലായ്കയാൽ സ്വാർത്ഥത മുൻ നിർത്തി ആളുകൾ വേർ പിരിയാൻ തുടങ്ങി. അനേക കാരണങ്ങൾ അവർക്കു പറയുവാൻ കാണും. വിഭജിക്കപ്പെട്ടവരുടെ താത്വികമായ തീരുമാന പ്രകാരം ഓരോ പേരിൽ അവർ അറിയപ്പെടുന്നു. അതു ചില അധികൃത നിയമങ്ങളെ ചൊല്ലിയുള്ള തർക്കം ആകാം; പ്രത്യേക സ ഭാസിദ്ധാന്തങ്ങൾ നിമിത്തം ആകാം; പ്രവർത്തനങ്ങളിലും ആരാധനയിലും അനുവർത്തിക്കുന്ന രീതികൾ നിമിത്തമാകാം; നടത്തിപ്പുകാരെ പ്രത്യേകമായി അറിയപ്പെടണം എന്ന കാരണമാകാം. അവർക്കുള്ള വ്യത്യാസം എന്തെന്നു തെളിയിക്കാൻ അവർ മററു ഉപാധികൾ കൈക്കൊള്ളുന്നു. അങ്ങനെ വ്യത്യസ്ഥ നാമധേയ വിഭാഗങ്ങൾ നിലവിൽ വന്നു. പറഞ്ഞു കേൾക്കാറുള്ള ന്യായീകരണമിതാണ് ഈ പേരുകൾ കൂടാതെ എങ്ങനെ ഇവയെ എല്ലാം തിരിച്ചറിയാൻ പററും? എന്നതാണ്. അവരുടെ ഉദ്ദേശം തന്നെ വ്യക്തമാക്കുന്നത് മനുഷ്യർക്കിടയിൽ തിരിച്ചറിയുന്നതിനു വേണ്ടി എന്നത്രെ. കർത്താവിന്റെ പ്രാർത്ഥനയനുസരിച്ച് ഈ വിഭാഗങ്ങൾ എല്ലാം ഒന്നാകേണ്ടതത്രെ (യോഹന്നാൻ 17). അതുകൊണ്ട് പുതിയ നിയമത്തിൽ പേർ ഇല്ലാത്തവയെല്ലാം ഉപേക്ഷിക്കേണ്ടതാണ്. കർത്താവോ കർത്താവിന്റെ സഭയോ നാമധേയ വിഭാഗങ്ങളെ അറിയുന്നില്ല. കാരണം അവ ദൈവ വചനത്തിലില്ല.

പേരില്ലാത്ത സഭ എന്നു പറയുമ്പോൾ അതിന്റെ അർത്ഥം എന്താണ്? യേശു വാഗ്ദാനം ചെയ്ത സഭക്കു ഒരു പ്രത്യേക പേർ കർത്താവ് നല്കിയിട്ടില്ല (മത്തായി 16:18). "ഞാൻ എന്റെ സഭയെ പണിയും" എന്നു പറഞ്ഞു. അതു പണിയുകയും ചെയ്തു (പ്രവൃത്തി 2:38-47). അവൻ രക്ഷിക്കപ്പെട്ടവരെ സഭയോടു ചേർത്തുകൊണ്ടിരുന്നു. പിതാവായ ദൈവം തന്റെ പുത്രനിൽ കൂടെ സ്ഥാപിച്ചതായ ഏക സഭ ആരംഭം മുതൽ അറിയപ്പെട്ടതു ഒരേരീതിയിലാണ്. വചന പരമായ തെളിവുകൾ നാമധേയ വിഭാ

ഗ്രങ്ങൾക്കു ഇല്ലെന്നു മാത്രമല്ല, തിരുവെഴുത്തിനു അന്യമായ പേരുകൾ എടുത്തുകൊണ്ട് അറിയപ്പെടാൻ ആഗ്രഹിക്കുന്നവയാണ് അവ. എന്നാൽ, കർത്താവിൻെറ സഭയെ ഏതെല്ലാം രീതിയിൽ അറിയപ്പെട്ടു എന്നു ദൈവത്തിൻെറ അരുളപ്പാടുകളെ പരിശോധിക്കാം.

**1. ഏക സഭ** (മത്തായി 16:18) യേശുക്രിസ്തു ഉപയോഗിച്ച പദത്തെ സഭ എന്നു തർജ്ജിമ ചെയ്തിരിക്കുന്നു. എന്നാൽ അതിനു അതിൻേറതായ മതപരമായ ഒരു അർത്ഥമല്ല ഉള്ളത്. ഗ്രീക്കു ഭാഷയിൽ ''എക്ലെസിയാ'' എന്ന വാക്കിനു വിളിക്കപ്പെട്ടവരുടെ കൂട്ടം എന്നാണ് അർത്ഥം. പുതിയ നിയമ ഭാഗത്തു കോപിഷ്ഠരായ പ്രാകൃത ജന കൂട്ടത്തെ പരാമർശിക്കുന്നതിനും ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (പ്രവൃത്തി 19:32,41). ധർമ്മസഭ എന്നും പ്രയോഗിച്ചിട്ടുണ്ട് (പ്രവൃത്തി 19:39). കർത്താവ്, തനിക്കു വേണ്ടി ജീവിക്കാൻ വിളിച്ചു വേർതിരിച്ചവരെയാണ് സഭ എന്നു വിളിക്കുന്നത് (മത്തായി 11:26-28; 2 തെസലൊനിക്യർ 2:14; 1 പത്രൊസ് 2:9).

**2. ക്രിസ്തുവിൻെറ സഭകൾ** (റോമർ 16:16). ഇവിടെ പൌലൊസ് ഒരേ പ്രദേശത്തുമുള്ള പ്രാദേശിക ഇടവകകളെ പററി സംസാരിക്കയാണ്. "ക്രിസ്തുവിൻെറ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു." ഈ പദം ഉടമസ്ഥാവകാശത്തെ സൂചിപ്പിക്കയാണ് ചെയ്യുന്നത്. സഭ ആരുടേതാണ് എന്നു മനസിലാക്കത്തക്ക ഉപയോഗമാണ് ഇത്. ഒരു വസ്തുവോ സ്ഥാപനമോ ആരുടെ പേരിൽ അറിയപ്പെടുന്നുവോ ആ വ്യക്തിയുടേതാണ് അതെന്നു നിസംശയം പറയാം. ഉടമസ്ഥൻെറ അവകാശത്തെ നാം ഇതിൽ കാണുന്നു.

ക്രിസ്തുവിൻെറ സഭ എന്ന നാമനിർദ്ദേശം ശരിയോ എന്നു ചോദിച്ചാൽ ശരിയായതു എന്നു തന്നെയാണു ഉത്തരം. തിരുവെഴുത്തിൻ പ്രകാരമുള്ള സഭയെ അങ്ങനെ അ

റിയപ്പെടുന്നതു തികച്ചും അനർത്ഥമാണ്. പക്ഷെ അതു സ്വന്തമായ ഒരു നാമമെന്നു ധരിക്കരുത്. ചർച്ച് ഓഫ് ക്രൈസ്റ്റ് ഉപദേശമെന്നോ, ചർച്ച് ഓഫ് ക്രൈസ്റ്റ് ഉപദേഷ്ടാക്കന്മാർ എന്നോ പറയുന്നതു തികച്ചും തെററാണ്. കാരണം ആ ഉപയോഗം വചനാനുസരണമല്ല എന്നതാണ്. ക്രിസ്തുവിൻെറ സഭ എന്നതു ദൈവത്തിൻെറ സഭയാണ് അതു കർത്താവിൻെറ ശരീരമാണ്. തുല്യ മൂല്യവും തുല്യമായ അർത്ഥവുമാണ് അതിനെല്ലാം ഉള്ളത്. എന്നാൽ ഈ നാമത്താൽ അറിയപ്പെടുകയും വചന വിരുദ്ധമായി അറിയപ്പെടുകയും ചെയ്താൽ ഫലമില്ല.

3. **ദൈവ സഭകൾ** (1 തെസ്സലൊനിക്യർ 2:13-14). ഈ നാമനിർദ്ദേശവും ഉടമസ്ഥാവകാശത്തെ സൂചിപ്പിക്കുന്നു. അവയെല്ലാം ഇടവകകളും സഭകളും ആകുന്നു. എല്ലാററിൻേറയും ഉടമസ്ഥനായ ദൈവമാണ് സഭയുടേയും സൃഷ്ടാവ്. വ്യത്യസ്ഥ കൂട്ടങ്ങളെ അറിയുവാൻ ഉപയോഗിച്ച നാമങ്ങളല്ല ഇത്. ക്രിസ്തുവിൻെറ സഭകളെ ദൈവ സഭകൾ എന്നും ദൈവ സഭകളെ ക്രിസ്തുവിൻെറ സഭകൾ എന്നും അറിയപ്പെടുന്നു.

ഏതെങ്കിലും ഒരു രാജ്യത്തിൽ ഏതെങ്കിലും പ്രദേശത്ത് വാക്യത്തിൽ കാണുന്ന പേരിൽ അറിയപ്പെടുന്നു എന്നു അവകാശപ്പെട്ടതുകൊണ്ട് അതു കർത്താവിൻെറ സഭ ആകുന്നില്ല. നാമനിർദ്ദേശം നല്ലതു തന്നെയാണ്. പക്ഷെ മററു കാര്യങ്ങളിലും നോക്കേണ്ടതുണ്ട്. അതിൻെറ സംഘടന, പ്രവർത്തനം, ആരാധന, ഉദ്ദേശം, ഉപദേശം എന്നിവ തിരുവെഴുത്തിൻ പ്രകാരമല്ലെങ്കിൽ അതു കർത്താവിൻെറ സഭയല്ല എന്നു നിസംശയം പറയാം. ചുരുക്കി പറഞ്ഞാൽ എല്ലാ കാര്യങ്ങളും ദൈവഹിത പ്രകാരം ചെയ്യുന്നു എങ്കിൽ മാത്രമെ ആ സഭ ദൈവത്തിൻേറതു എന്നു പറയാൻ പററുകയുള്ളു.

★

# ദൂതന്മാരെ കുറിച്ച് ചില ചിന്തകൾ

**W.A. ഹോളെ**

മനുഷ്യരെക്കാൾ അല്പം ഉയർന്ന സ്ഥാനവുമായി സൃഷ്ടിക്കപ്പെട്ട സ്വർഗ്ഗീയ വാസികളാണ് ദൂതന്മാർ (സങ്കീർത്തനം 148:1-5;കൊലൊസ്യർ 1:16). ആയിരക്കണക്കിന് ദൂതന്മാരെ വെളിപ്പാട് പുസ്തകത്തിൽ വിവരിക്കുന്നുണ്ട് (വെളിപ്പാട് 5:11-14). അവരിൽ രണ്ടുപേരുടെ പേർ സൂചിപ്പിച്ചിട്ടുണ്ട്; മിഖായേൽ എന്നും ഗബ്രിയേൽ എന്നും (ലൂക്കൊസ് 1:19; വെളിപ്പാട് 12:7). പുല്ലിംഗരൂപത്തിലാണ് ദൂതന്മാരെ പ്രതിപാദിച്ചിരിക്കുന്നത്. നല്ല ദൂതന്മാരും മോശപ്പെട്ട ദൂതന്മാരുമുണ്ട് (2 പത്രൊസ് 2:4 യൂദാ 6). വാഴ്ച്ചകൾ, അധികാരങ്ങൾ, സിംഹാസനങ്ങൾ എന്നീ പദങ്ങൾ ദൂതന്മാരോടുകൂടെ ഉപയോഗിച്ചിരിക്കുന്നത് അവരുടെ പ്രവർത്തികളെ കാണിക്കുന്നതിനാണ്. ദൈവത്തിൻെറ പ്രതിനിധികളായി ദൈവിക കരുതലോടെ പ്രവർത്തിക്കാൻ അയക്കുന്നവരാണ് അവർ (മത്തായി 18.10; പ്രവൃത്തി 12:15).

''ഞാൻ നിൻെറ ശത്രുക്കളെ നിനക്കു പാദപീഠം ആക്കുവോളം നീ എൻെറ വലത്തു ഭാഗത്തിരിക്ക എന്നു ദൂതന്മാരിൽ ആരോടെങ്കിലും വല്ലപ്പോഴും അരുളിച്ചെയ്തിട്ടുണ്ടോ? അവർ ഒക്കെയും രക്ഷ പ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷക്കു അയക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ?'' (എബ്രായർ 1:13-14). ദൈവത്തിൻെറയും മനുഷ്യരുടേയും വലിയ ശത്രുവാണ് പിശാച് (യോഹന്നാൻ 8:44; 1 തിമൊഥെയോസ് 3:6; 1 പത്രൊസ് 5:8-9). സാത്താനും ദൂതന്മാർ ഉണ്ട് (മത്തായി 25:41). യേശുക്രിസ്തുവിൻെറ വ്യക്തി പരമായ ശുശ്രൂഷാ വേളയിൽ സാത്താനും ദൂതന്മാരും ശക്തമായി പ്രവർത്തിച്ചിട്ടുണ്ട് പ്രവൃത്തി 10: 38).

പിതാവായ ദൈവം സോദോമിലേയും ഗൊമോരയിലേയും ദുഷ്ട ജനങ്ങളെ നശിപ്പിക്കുവാൻ ദൈവം തൻെറ ദൂതന്മാരെയാണ് അയക്കുന്നത്. ഈ പട്ടണങ്ങളുടെ ഭാവി എന്താകുമെന്നറിയിക്കാൻ ദൈവം രണ്ടു ദൂതന്മാരെ അയക്കുന്നുണ്ട് (ഉല്പത്തി 12:1; എബ്രായർ 13:2). സോദോമിനേയും ഗൊമോരയെയും നശിപ്പിക്കുന്നതിനു മുൻപ് ലോത്തിനേയും കുടുംബത്തെയും രക്ഷിക്കുവാൻ ദൈവം രണ്ടു ദൂതന്മാരെ അയക്കുന്നുണ്ട് (ഉല്പത്തി 19:1-2). ഈ സംഭവം ഇന്നു ജീവിക്കുന്ന നമുക്ക് അർത്ഥവത്തായ പ്രാധാന്യം കാണിച്ചു തരുന്നുണ്ട്. ദുഷ്ട ജനങ്ങളുടെ നാശത്തിൽ നിന്നു നീതിമാന്മാരെ ദൈവം മാററിനിർത്തും. അവൻ അതിനായി ദൂതന്മാരെ നിയോഗിക്കും എന്നതാണ് ആശ്വാസം (ലൂക്കോസ് 17:26-32).

ഹാഗാർ മരുഭൂമിയിൽ അലഞ്ഞു നടന്നപ്പോൾ ദൈവം തൻെറ ഒരു ദൂതനെ അയച്ചു അവളെ പ്രോത്സാഹിപ്പിച്ച് ശക്തിപ്പെടുത്തുകയുണ്ടായി (ഉല്പത്തി 16:7-11). മോശയുമായി ആശയ വിനിമയം നടത്തുന്നതിനു ദൈവം ദൂതനെ നിയോഗിക്കുന്നുണ്ട് (പുറപ്പാട് 3:2). ദൈവത്തോടു മത്സരിച്ച ബിലെയാമിനെയും ഇസ്രായേലിനെയും ദൈവം ദൂതനെ അയച്ചു ശാസിക്കുന്നുണ്ട് (സംഖ്യാപുസ്തകം 22:23-35). ദൈവ നിർദ്ദേശം മനുഷ്യരിൽ എത്തിക്കുന്നതിന് ദൈവം തൻെറ ദൂതന്മാരെ ഉപയോഗിച്ചിരുന്നു. മനുഷ്യർക്കും ദൈവത്തിനും മദ്ധ്യേ പ്രവർത്തിച്ചിരുന്ന സന്ദേശ വാഹകരായിരുന്നു ഈ ദൂതന്മാർ.

ഗിദെയോൻെറ കാലത്ത് ദൈവം തൻെറ ദൂതനെ അയച്ചു മിദ്യാന്യരേയും അമാലേക്യരേയും തോല്പിക്കുവാൻ അവനെ സഹായിക്കുന്നുണ്ട് (ന്യായാധിപന്മാർ 6:1-38). ദൈവഹിതത്തിനു വിപരീതമായി ജനങ്ങളുടെ കണക്കെടുപ്പു നടത്തിയ ഗായകനായിരുന്ന ദാവീദിൻെറ ഈ പ്രവർത്തി നിമിത്തം ദൈവം, നശിപ്പിക്കുന്നതിനു ദൂതന്മാരെ അയക്കുകയുണ്ടായി. എന്നാൽ ദാവീദ് മാനസാന്തരപ്പെട്ടതുകൊണ്ടു

അവർ രക്ഷപ്പെട്ടു (2 ശമുവേൽ 24). വലിയൊരു പ്രവാചകനായിരുന്ന ഏലിയാവിനു യിസെബേലിന്റെ മേൽ വിജയം കൈവരിക്കാൻ ദൈവ ദൂതൻ സഹായിച്ചു. അവന്റെ ജീവനു മേൽ ഭീഷണി ഉയർത്തിയവളായിരുന്നു യിസെബേൽ. അവൻ ഹോരേബിലേക്കു ഓടി രക്ഷപ്പെട്ടു. അവിടെ വെച്ച് അവൻ മരിച്ചാൽ നന്നായിരുന്നു എന്നു കരുതി. പക്ഷെ ദൈവ ദൂതൻ അപ്പം ആഹാരവും വെള്ളവും കൊടുത്തു സംരക്ഷിച്ചു ശക്തിപ്പെടുത്തി. വിശ്വാസത്തിൽ നില നിന്നാൽ നിങ്ങളേയും അവൻ പുലർത്തും (1 രാജാക്കൻമാർ 18:19; യാക്കൊബ് 5:17-18). ദൈവ വാഗ്ദാനങ്ങളിൽ ആശ്രയിക്കാം. ഒരിക്കലും സംശയിക്കരുത്.

പുതിയ നിയമത്തിൽ ദൂതൻമാരെ കുറിച്ച് ധാരാളം വിവരണങ്ങൾ കാണുന്നുണ്ട്. കർത്താവിന്റെ ഒരു ദൂതൻ സെഖര്യാവിനു പ്രത്യക്ഷനായി എലിശബെത്ത് അമ്മയാകുമെന്ന് പ്രഖ്യാപിക്കുന്നുണ്ട് (ലൂക്കൊസ് 1:11-15). യോഹന്നാൻ സ്നാപകൻ ജനിച്ചു. ദൂതന്റെ പേർ ഗബ്രിയേൽ എന്നായിരുന്നു (ലൂക്കൊസ് 1:19). യേശുവിന്റെ അമ്മയായി തീർന്ന മറിയക്കും ദൂതൻ പ്രത്യക്ഷപ്പെടുകയുണ്ടായി (ലൂക്കൊസ് 1:26-38). യോസേഫിനും ദൈവ ദൂതൻ വന്നു മറിയയുമായുള്ള വിവാഹ വാഗ്ദാനത്തിൽ നിന്നു പിൻമാറേണ്ടതില്ല എന്നു അറിയിപ്പു നല്കി (മത്തായി 1:18-25).

ബേത്ത്ലഹേമിൽ യേശു ജനിച്ചപ്പോൾ ദൂതന്മാർ സ്വർഗ്ഗീയ സൈന്യവുമായി വന്നു ദൈവത്തെ സ്തുതിക്കയുണ്ടായി (ലൂക്കൊസ് 2:8,20). യേശുക്രിസ്തു യോഹന്നാനാൽ സ്നാനം ഏററശേഷം പരിശുദ്ധാത്മാവ് അവന്റെ മേൽ പ്രാവെന്നപോൽ വരികയുണ്ടായി. അവനെ കുറിച്ച് പ്രശംസനീയമായ ദൈവ ശബ്ദം കേട്ടു. പിന്നീട് പിശാച് യേശുവിനെ പരീക്ഷിക്കയുണ്ടായി (മത്തായി 4:1-11). ഈ പരീക്ഷണങ്ങൾ എല്ലാം കർത്താവ് വിജയക

രമായി നേരിട്ടു. അപ്പോൾ ദൂതൻമാർ വന്നു അവനെ ശുശ്രൂഷിക്കയുണ്ടായി. ഈ ഭൂമിയിലെ യേശുവിൻെറ ശുശ്രൂഷയുടെ അന്ത്യ സമയത്ത് താൻ അഭിമുഖീകരിക്കാനിരിക്കുന്ന വേദനാജനകമായ സന്ദർഭത്തെ കുറിച്ച് ഓർത്തു വിഷമിച്ചുകൊണ്ടിരുന്നപ്പോൾ ദൈവദൂതൻ വന്നു അവനെ ശക്തീകരിക്കയുണ്ടായി (ലൂക്കൊസ് 22:43).

ഭൗമിക ശുശ്രൂഷക്കുശേഷം അവൻ മരിക്കയും മൂന്നാം നാൾ ഉയിർത്തെഴുന്നേററ് സ്വർഗ്ഗാരോഹണം ചെയ്യുകയും ചെയ്തു (യോഹന്നാൻ 17:4;19:30). യേശുവിൻെറ ഉയിർപ്പിനെക്കുറിച്ച് പ്രതിപാദിക്കുന്ന മററു ഭാഗങ്ങൾ കൂടെ വായിക്കുക (മർക്കൊസ് 16.19;ലൂക്കൊസ് 24:50;പ്രവൃത്തി 1:10-11). യേശുക്രിസ്തുവിൻെറ ഉയിർത്തെഴുന്നേല്പിനു സാക്ഷികളായി വെള്ള വസ്ത്രം ധരിച്ച രണ്ടു പുരുഷൻമാരെ പററി പറയുന്നുണ്ട്, അവർ ദൈവദൂതന്മാരായിരുന്നു (ലൂക്കൊസ് 24:1-7;യോഹന്നാൻ 20:13).

സഭ സ്ഥാപിതമായശേഷം അതിൻെറ വളർച്ചക്കു സുപ്രധാനമായ പങ്കു വഹിക്കുന്നതായി നമുക്ക് ഈ ദൂതന്മാരെ കാണാം. അപ്പൊസ്തലന്മാരെ അന്നു പിടിച്ചു തടവിലാക്കിയെങ്കിലും ദൂതന്മാർ അത്ഭുതകരമായി അവരെ മോചിപ്പിച്ച് തങ്ങളുടെ വേല സ്ഥലങ്ങളിലേക്ക് കൊണ്ടുപോകുന്നുണ്ട് (പ്രവൃത്തി 5:17-23). സുവിശേഷകനായിരുന്ന ഫിലിപ്പൊസിനോടു ദൈവദൂതൻ യെരുശലേമിൽ നിന്നു ഗസ്സെക്കുള്ള വഴിയിലേക്കു പോക എന്നു പറയുന്നുണ്ട് (പ്രവൃത്തി 8:26-28). ദൂതൻ അവനു വഴി പറഞ്ഞുകൊടുക്കുന്നുണ്ടെങ്കിലും സുവിശേഷം പ്രസംഗിച്ചത് ഫിലിപ്പൊസ് ആയിരുന്നു. ദൂതന്മാരെല്ലാം കർത്താവിൻെറ ആജ്ഞക്കൊത്തു പ്രവർത്തിക്കുന്നവരാണെങ്കിലും സ്വർഗ്ഗീയ ജീവികളെയല്ല സുവിശേഷം അറിയിക്കുവാൻ നിയോഗിക്കുന്നത്.

★

# മനസിനെ ഉറപ്പിക്കുക

## ഹോൾജെർ N.

എല്ലാവർക്കും ഉള്ളതാണല്ലൊ മനസ്. മനഃസാക്ഷി മാനസികാവസ്ഥ, ശരിയായ ചിന്ത എന്നിങ്ങനെ സാധാരണ നാം ഉപയോഗിക്കുന്ന വാക്കുകൾ മനസുമായി ബന്ധപ്പെട്ടുള്ളതാണ്. ചിന്തിച്ചു പ്രവർത്തിക്കുന്നതിനുള്ള കഴിവ് മനുഷ്യർക്ക് ഉണ്ടെന്നതു ആശ്ചാര്യകരമായ ഒന്നു തന്നെയാണ്. പത്രൊസ്, തൻെറ ലേഖനത്തിൽ മനസിനെ ഉറപ്പിച്ചു നിർത്തുവാൻ പറഞ്ഞിട്ടുണ്ട്. ''ആകയാൽ നിങ്ങളുടെ മനസ് ഉറപ്പിച്ച് നിർമ്മദരായി യേശുക്രിസ്തുവിൻെറ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശ വെച്ചു കൊൾവിൻ'' 1പത്രൊസ് 1:13). പുരാതന കാലം മുതൽ ആളുകൾ വിഷമകരമായ ജോലി ചെയ്യുമ്പോഴും ഓടുമ്പോഴും അവരുടെ അയഞ്ഞു കിടക്കുന്ന വസ്ത്രങ്ങൾ മുറുക്കി കെട്ടുകയോ ബെൽററ് ഇട്ടു മുറുക്കുകയോ ചെയ്യുന്നു. ഇത് അവരുടെ പ്രവർത്തിക്കോ മാർഗ്ഗത്തിനോ തടസം സൃഷ്ടിക്കാതിരിക്കുന്നതിനാണ്. അതേ അർത്ഥവും ഉദ്ദേശവുമാണ് മുകളിൽ പറഞ്ഞ വേദഭാഗത്തിൽ ഉള്ളത്. മനസിനെ കെട്ടി ഉറപ്പിക്കുകയാണ് വേണ്ടത്.

പത്രൊസിൻെറ ലേഖനം, ക്രിസ്തുവിൽ ആയി തീർന്നവർക്കുള്ളതാണ്. ക്രിസ്തുവിൻെറ ഉപദേശം അനുസരിച്ച് ജീവിക്കുന്ന ആളുകളുടെ ചിന്താശക്തി സൂക്ഷിക്കേണ്ടതുണ്ട്. അവരുടെ മനസിലേക്ക് പല കാരണങ്ങൾ കൊണ്ട് അയഞ്ഞ ചിന്തകൾ വരാറുണ്ട്. അല്ലെങ്കിൽ അവരുടെ മനസ് ഇളകാറുണ്ട്. ഒരു ക്രിസ്ത്യാനി, തൻെറ പ്രവർത്തി നിർവ്വഹിക്കുവാൻ അവൻെറ അഥവാ അവളുടെ മനസിനെ ഉറപ്പിച്ചു നിർത്തണം. ചില ആളുകളുടെ കൈകാലുകൾ തളർന്നു കിടക്കുന്നതു കണ്ടിട്ടില്ലേ? അതുപോലെ ചിലരുടെ മനസും തളർന്നു കിടക്കുകയാണ്. രോഗബാ

ധയാണ് കാരണം. രോഗബാധ മനസ്സിനെ മുരടിപ്പിക്കും. പ്രവർത്തന യോഗ്യമാകണമെങ്കിൽ, രോഗ വിമുക്തമാക്കണം. ഏതിലാണ് നമ്മുടെ മനസ്സ് ബലഹീനമായിരിക്കുന്നത് എന്നു ഓരോ വ്യക്തിക്കും അറിയാം. അത് തിരിച്ചറിഞ്ഞ്, മനസ്സിനെ ദൃഢപ്പെടുത്തണം. മനസ്സിൻെറ ബലഹീനത ശരീരത്തെയും ബാധിക്കും. ആരോഗ്യകരമായ മനസ്സുള്ള ഒരാൾ തൻെറ പ്രവർത്തികളിൽ ആരോഗ്യമുള്ളവനായിരിക്കും.

കർത്താവിനോടു ബന്ധപ്പെട്ടവരെല്ലാം ശ്രദ്ധിച്ച് ജീവിച്ചില്ലെങ്കിൽ അവരുടെ മനസ്സിൽ ചില ചിന്തകൾ വിട്ടു പോകും. അതിനു പകരം മററു ചിലതു കടന്നു വരും. ആവശ്യമുള്ളതിനെ സൂക്ഷിച്ചില്ലെങ്കിൽ അനാവശ്യമായതു സ്വീകരിക്കാൻ നിർബ്ബന്ധിതരാകും. അപ്പോൾ ജീവിതത്തെ ക്രമവിരുദ്ധമാക്കി മാററും. നമ്മുടെ ആത്മീയ പ്രവർത്തനങ്ങൾക്ക് ഒരുക്കം ആവശ്യമാണ്. മനസ്സ് ഉറച്ചു നില്ക്കുന്നില്ലെങ്കിൽ ചിന്ത ശരിയായിരിക്കയില്ല. പ്രാർത്ഥനയും വായനയും, ധ്യാനവും, ഉപദേശവും എല്ലാം ആവശ്യപ്പെടുന്നത് ശക്തമായ ഒരു മനസ്സാണ്. മനസ്സുണ്ടെങ്കിൽ മാത്രമെ ഇതെല്ലാം ചെയ്യാൻ സാധിക്കയുള്ളു. പലർക്കും ഇതൊന്നും നടത്താൻ കഴിയുന്നില്ല. കാരണം അവരുടെ മാനസികാവസ്ഥ അതിനനുകൂലമല്ല എന്നതാണ്. അവർ സ്വയമായി അവരുടെ മനസ്സിനെ ഉറപ്പിച്ചു നിർത്തണം. തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ''ഇരുമനസ്സുള്ള മനുഷ്യൻെറ വഴികൾ ഒക്കെയും അസ്ഥിരമാകുന്നു എന്നത്രെ (യാക്കോബ് 1:8). ഭൗതികമായി നോക്കിയാലും ഇത് വാസ്തവമാണ്. ചില ആളുകളെ ശ്രദ്ധിച്ചാൽ അവർ ഒന്നിലും സ്ഥിരമായി നില്ക്കാതിരിക്കുന്നതു കാണാം. ആത്മീയമായും ചിലർക്കു സ്ഥിരതയില്ലാത്തതിൻെറ കാരണം ഇതു തന്നെ.

ദൈവത്തെ പ്രസാദിപ്പിച്ചു കൊണ്ടു ദൈവ ശുശ്രൂഷക്കായി നമ്മുടെ മനസ്സിനെ എങ്ങനെ നാം അച്ചടക്കത്തിൽ

നിലനിർത്തുന്നു എന്നതിനെ ആസ്പദമാക്കിയാണ് നമുക്കു സന്തോഷവും സമാധാനവും കിട്ടുന്നത്. വേറൊരു വിധത്തിൽ പറഞ്ഞാൽ നാം തന്നെയാണ് നമുക്കു സന്തോഷവും സമാധാനവും ഉണ്ടാക്കുന്നതും ഇല്ലാതാക്കുന്നതും. തീരുമാനങ്ങളും ചിന്തകളും നാം തിരഞ്ഞെടുക്കുന്നു; അതിൻെറ ഫലമായി നമുക്ക് ചിലത് അനുഭവപ്പെടുന്നു. അതിനു മററാരേയും പഴിച്ചിട്ടു കാര്യമില്ല എന്നർത്ഥം. എന്നാൽ ദൈവാത്മാവിനു കീഴ്പ്പെടുന്നവരെ സംബന്ധിച്ച് ദൈവ സഹായം ലഭിക്കും. കർത്താവിൽ സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു. നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ; കർത്താവു വരുവാൻ അടുത്തിരിക്കുന്നു. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാററിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോടു അറിയിക്കയത്രെ വേണ്ടത്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവ സമാധാനം നിങ്ങളുടെ നിനവുകളെയും ഹൃദയങ്ങളെയും ക്രിസ്തുയേശുവിൽ കാക്കും (ഫിലിപ്പിയർ 4:4-7).

ദൈവത്തിനു പൂർണ്ണമായി സമർപ്പിച്ചു കൊടുക്കാത്ത മനസു സ്വസ്ഥമായിരിക്കയില്ല. ഒരാൾ ക്രിസ്തുവിലാകുമ്പോൾ പഴയ ചിന്തകൾ മുഴുവൻ മാററിയെടുക്കണം. മുൻപു ദുഷിച്ച വിചാരങ്ങൾ മനസിൽ ഉണ്ടായെന്നു വരാം. പക്ഷെ പുതിയ സൃഷ്ടിയിൽ അത് പാടില്ല. സകലതും പുതുതായി മാറണം. അതാണ് പുതിയ ജനനം. പുതുക്കമുള്ള മനസിൻെറ ഉടമയായ ഒരാളുടെ ജീവിതം കാണുമ്പോൾ അറിയാം. പഴയ ജീവിതവുമായി ഒരു ബന്ധവും കാണുകയില്ല. ലോകത്തുള്ള ആളുകൾക്ക് കാണാവുന്ന പുതിയ സ്വഭാവമായിരിക്കും അപ്പോൾ ഉണ്ടാവുക. മനസിനുണ്ടാകുന്ന മാററം അയാളുടെ പെരുമാററത്തിലും ദൃശ്യമാകും. മാനസാന്തരം എന്നു പറഞ്ഞാൽ അത് യഥാർത്ഥ ജീവിതത്തിൽ കാണണമെന്നു സാരം. ഉള്ളിലൊന്നും

പുറമെ മറ്റൊന്നും ആയിരിക്കരുത്. മനസു നേരുള്ള രീതിയിൽ പ്രവർത്തിച്ചാലേ ആ വ്യക്തിയുടെ ജീവിതം ശരിയാകയുള്ളൂ. സ്വന്തം തീരുമാനങ്ങൾ തന്നെ വലുതെന്നു കരുതി സ്വന്ത വഴിയിൽ ഊന്നി ജീവിക്കുന്നവർ പലപ്പോഴും നിരാശരായി തീരുന്നത് കാണാം.

നിഷേധാത്മകമായ ചിന്തകളാകുന്ന സംശയം, അവിശ്വാസം, തെറ്റിദ്ധാരണ, അസൂയ, പ്രതികാരം എന്നിവയ്ക്കായി മനസിനെ തിരിച്ചു വിടരുത്. അത്തരം ചിന്തകൾ നമ്മുടെ മനസിൽ വന്നു കഴിഞ്ഞാൽ സ്വഭാവവും ജീവിതവും മോശമായി തീരും. ഉപദ്രവകരമായ ആലോചനകൾക്കു പകരം ഉപകാരപ്രദമായ ചിന്തകൾ നമ്മുടെ മനസിൽ സൂക്ഷിക്കണം. അപ്പൊസ്തലനായ പൗലൊസ് തന്റെ ലേഖനത്തിൽ നമ്മെ ഉത്ബോധിപ്പിക്കുന്നതു എന്തെന്നാൽ: ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും, ഘനമായതു ഒക്കെയും, നീതിയായതു ഒക്കെയും, നിർമ്മലമായതു ഒക്കെയും, രമ്യമായതു ഒക്കെയും, സൽക്കീർത്തിയായതു ഒക്കെയും, സൽഗുണമോ, പുകഴ്ച്ചയോ അതൊക്കെയും ചിന്തിച്ചു കൊൾവിൻ (ഫിലിപ്പിയർ 4:8). അപ്പൊസ്തലന്റെ നിർദ്ദേശം നമ്മിൽ പ്രാവർത്തികമാകുവാൻ നാം നല്ല ബൈബിൾ പഠനം പരിശീലിക്കണം. പരിജ്ഞാനം വർദ്ധിപ്പിക്കണം. എങ്കിലേ നമുക്ക് ആ വഴി ചിന്തിക്കാൻ പറ്റു.

കൊലൊസ്യർക്കു പൌലൊസ് എഴുതുമ്പോൾ പറയുന്നതു: ലൗകികമായ കാഴ്ച്ചപ്പാടിൽ നിന്നും നമ്മുടെ മനസിനെ തിരിക്കണമെന്നു സാരം. ഭൂമിയിലുള്ളതല്ല, ഉയരത്തിലുള്ളതു തന്നെ ചിന്തിപ്പിൻ എന്നു പഠിപ്പിക്കുന്നു. ഈ ഭൂമിയിൽ ഉള്ളതിനു വേണ്ടി നാം ചിന്തിച്ചു പ്രവർത്തിച്ചാൽ അതെല്ലാം നഷ്ടമായി പോകും.

★

# ദൈവപുത്രൻ

## ഗ്യാരി. സി. ഹാമ്ടൺ

### വചനം ദൈവമായിരുന്നു.

ഇന്ന് ഒരാളുടെ മകനെ അറിയപ്പെടുന്നതു അയാളുടെ പിന്തുടർച്ചാവകാശിയായ മകൻ എന്നാണ്. ദത്തെടുത്താലും മകൻ എന്ന പങ്കു മാത്രമാണ് ലഭിക്കുന്നത്. യേശു ദൈവപുത്രൻ എന്നു വിളിക്കപ്പെടുവാൻ മററൊരു കാരണം ഉണ്ട്. അവൻ ജനനത്താൽ തീർച്ചയായും ദൈവത്തിൻെറ പുത്രൻ ആയിരുന്നു (ലൂക്കൊസ് 1:34-35). ദൈവപുത്രനായിരുന്ന യേശുവിൻെറ ബാല്യത്തിൽ പോലും ദൈവസ്വഭാവം ഉള്ളവനായി അറിയപ്പെട്ടിരുന്നു. യേശു, ദൈവത്തെ പിതാവ് എന്നു സംബോധന ചെയ്തപ്പോൾ അവൻ ദൈവമാണെന്നു അവകാശപ്പെടുന്നതായി യെഹൂദന്മാർക്കു മനസിലായി (യോഹന്നാൻ 5:17-24).

ക്രിസ്തുവിൻെറ ജീവിതത്തെ വിശദീകരിക്കുമ്പോൾ യോഹന്നാൻ പറയുന്നതു: യേശു ഭൂമിയിലേക്കു വന്ന ദൈവമായിരുന്നു എന്നാണ്. ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായത് ഒന്നും അവനെ കൂടാതെ ഉളവായതല്ല (യോഹന്നാൻ 1:1-3). വചനം ദൈവത്തോടു കൂടെ ആയിരുന്നു എന്നും, ദൈവമായിരുന്നു എന്നും യോഹന്നാൻ പറയുന്നതിൻെറ അർത്ഥം യേശു ദൈവമായിരുന്നു എന്നത്രേ: കാരണം ദൈവമായിരുന്നു സൃഷ്ടികർത്താവ് (ഉല്പത്തി 1:1; കൊലൊസ്യർ 1:16-17). വചനം ദൈവമായിരുന്നു എന്നു പറഞ്ഞിരിക്കുന്നത് യേശുവിനെ തന്നെയാണ് (യോഹന്നാൻ 1:14).

## പിതാവിനാൽ ഉറപ്പിച്ചതായിരുന്നു യേശുവിന്റെ ദൈവികത്വം

രണ്ടു വ്യത്യസ്ഥ സന്ദർഭങ്ങളിൽ യേശുവിന്റെ പുത്രത്വത്തെ പിതാവ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. യേശു സ്നാനം ഏററ ഉടനെ, വെള്ളത്തിൽ നിന്നു കയറി; അപ്പോൾ സ്വർഗ്ഗം തുറന്നു ദൈവാത്മാവു പ്രാവെന്ന പോലെ ഇറങ്ങി തന്റെമേൽ വരുന്നതു അവൻ കണ്ടു. ഇവൻ എന്റെ പ്രിയ പുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി (മത്തായി 3:13_17). ഉയർന്ന ഒരു മലയിൽ വെച്ച് യേശുവിനു രൂപാന്തരം സംഭവിക്കയും മോശയും ഏലിയാവും യേശുവിനോടു സംസാരിക്കുന്നതും പത്രൊസും യാക്കോബും യോഹന്നാനും കണ്ടു. അപ്പോൾ പത്രൊസ്, യേശുവിനോട്: കർത്താവേ നാം ഇവിടെ ഇരിക്കുന്നതു നന്നു; നിനക്കു സമ്മതമെങ്കിൽ ഞാൻ ഇവിടെ മൂന്നു കുടിൽ ഉണ്ടാക്കും; ഒന്നു നിനക്കും ഒന്നു മോശെക്കും ഒന്നു ഏലിയാവിനും എന്നു പറഞ്ഞു. അവൻ പറയുമ്പോൾ തന്നെ പ്രകാശമുള്ളോരു മേഘം അവരുടെ മേൽ നിഴലിട്ടു; മേഘത്തിൽ നിന്നു; ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു; ഇവനു ചെവി കൊടുപ്പിൻ എന്ന ശബ്ദവും ഉണ്ടായി. ദൈവ ഭാവം എടുത്തു വന്നിരിക്കയാണ് യേശു എന്ന് യെഹൂദന്മാർക്ക് വ്യക്തമായി മനസിലായി. പിതാവ് അവനെ കുറിച്ചു പറഞ്ഞതും മററൊന്നായിരുന്നില്ല.

പിതാവിന്റെ ചിന്തയിലെ ദൈവമായിരുന്ന യേശുവിനെ എബ്രായ ലേഖകൻ കാണിച്ചു തരുന്നുണ്ട്. അവൻ അവന്റെ തേജസിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ടു പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയ ശേഷം ഉയരത്തിൽ മഹിമയുടെ വലത്തു ഭാഗത്തു ഇരിക്കയും അവൻ ദൈവ ദൂതന്മാരേക്കാൾ വിശിഷ്ടമായ

നാമത്തിനു അവകാശിയായതിനു ഒത്തവണ്ണം അവരേക്കാരം ശ്രേഷ്ഠൻ ആയി തീരുകയും ചെയ്തു (എബ്രായർ 1: 3-4). അതായതു യഹോവയായ ദൈവത്തിന്റെ മുഖപ്രകാശമായിരുന്നു യേശു. ദൈവത്തിന്റെ വ്യക്തിത്വമായിരുന്നു അവൻ എന്നു സാരം. ദൈവത്തിന്റെ മഹിമയും പ്രതിമയും ആയിരുന്നു. യഹോവ തന്നെ വെളിപ്പെടുത്തിയ സത്യം സ്പഷ്ടമാക്കുന്നതും അത് തന്നെ. അപ്പൊസ്തലന്മാർക്കും ഈ സത്യം അറിവുണ്ടായിരുന്നു. അവരുടെ പ്രസംഗങ്ങളിലും ലേഖനങ്ങളിലും അത് പ്രകടമായിട്ടുണ്ട്. യേശു, ദൈവമായിരുന്നു എന്ന വസ്തുത അംഗീകരിക്കാത്തവരെ വിശ്വസിപ്പിക്കയാണ് അവർ ചെയ്തതു. കർത്താവിന്റെ ഉപദേശങ്ങരം പഠിപ്പിക്കുമ്പോരം അവർക്ക് യേശുവിന്റെ ദൈവികത്വം തെളിയിച്ചു കൊടുക്കേണ്ട ഉത്തരവാദിത്വവും ഉണ്ടായിരുന്നു. ദൈവത്തോടു മനുഷ്യരെ നിരപ്പിക്കുന്ന ദൗത്യമായിരുന്നു യേശുവിന്റേത്. അവൻ ചെയ്ത അത്ഭുതങ്ങരം അവന്റെ അധികാരത്തെ ചൂണ്ടി കാണിക്കുന്നു.

## യോഹന്നാൻ സ്നാപകനും പൌലൊസും അവന്റെ പുത്രത്വത്തെ സമ്മതിക്കുന്നു

യോഹന്നാൻ സ്നാപകൻ വന്നത് ദൈവമായ കർത്താവിനു വഴി ഒരുക്കുന്നതിനു വേണ്ടിയായിരുന്നു (യോഹന്നാൻ 1:23; യെശയ്യാവ് 40:3). മലാഖിയുടെ പ്രവചനവും അങ്ങനെ നിറവേറുന്നുണ്ട്. യേശുക്രിസ്തു അത് ഉദ്ധരിച്ചുകൊണ്ടു യോഹന്നാൻ സ്നാപകനെക്കുറിച്ചു പറയുന്നുമുണ്ട് (മത്തായി 11:7-10). ന്യായവിധിയുടെ ദൈവത്തിനു വഴി ഒരുക്കുവാനാണ് യോഹന്നാൻ സ്നാപകനെ അയച്ചത്. പരിശുദ്ധാത്മ ശ്വാസീയനായ യോഹന്നാൻ അത് വെളിപ്പെടുത്തിയിരിക്കുന്നു. യേശുവിനെ യോഹന്നാൻ അറിഞ്ഞിരുന്നില്ല. എങ്കിലും ദൈവം അവനു കൊടുത്ത അടയാളത്താൽ യേശു ആരാണെന്നു അവനു അറിവു കിട്ടി. അങ്ങനെ യോഹന്നാൻ അവനെ കാണുകയും

അവൻ ദൈവപുത്രൻ എന്നു സാക്ഷ്യം പറയുകയും ചെയ്തു (യോഹന്നാൻ 1:29-34).

ഭൂമിയിലേക്കു ഇറങ്ങി വന്ന ദൈവമായിരുന്നു യേശു എന്നു പൌലൊസും വിശ്വസിച്ചിരുന്നു. "ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവ രൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യ സാദൃശത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം തന്നെ (ഫിലിപ്പിയർ 2:5-8). ദൈവത്തിന്റെ സത്തയായിട്ടാണ് യേശു കാണപ്പെട്ടത് എന്നു മറെറാരു ഭാഗത്തു നാം വായിക്കുന്നുണ്ട്. അതേ സമയം അവൻ ദാസവേഷമെടുത്തു മനുഷ്യനായി ജീവിച്ചു (എബ്രായർ 2:9-18).

## യേശുവിന്റെ അത്ഭുതങ്ങൾ, അവൻ ദൈവമായിരുന്നു എന്നു തെളിയിക്കുന്നു

അവൻ ചെയ്ത വീര്യപ്രവർത്തികൾ ദൈവികതത്തെ വെളിപ്പെടുത്തുന്നവയാണ്. അവൻ ചെയ്തത് എല്ലാം പിതാവിന്റെ ഇഷ്ടമായിരുന്നു (യോഹന്നാൻ 5:36). യേശു ചെയ്ത അടയാളങ്ങളും അത്ഭുതങ്ങളും സാധാരണക്കാർക്കു കഴികയില്ല എന്നും ദൈവത്തിനു മാത്രമെ അത് സാദ്ധ്യമാകയുള്ളു എന്നും നിക്കൊദെമൊസിനു മനസിലായി (യോഹന്നാൻ 3:2). അനേകം അത്ഭുതങ്ങളും അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തതു ജനങ്ങൾ അവൻ ദൈവപുത്രൻ എന്നു വിശ്വസിക്കേണ്ടതിനായിരുന്നു എന്നു യോഹന്നാൻ വെളിപ്പെടുത്തിയിരിക്കുന്നു (യോഹന്നാൻ 20:30-31). വെള്ളത്തെ വീഞ്ഞാക്കി മാററി (യോഹന്നാൻ 2:1-11). ഇതെല്ലാം അവൻ ദൈവമായിരുന്നു എന്നു തെളിയിക്കുന്നു.

★

# ദൈവത്തിൽ നിന്നുള്ള പൂർണ്ണ വെളിപ്പാട്

## ഗ്യാരി സി. ഹാംപ്ടൺ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ദൈവ പുത്രനു തുല്യനായി മററാരുണ്ട്? ദൈവം ഇന്നു മനുഷ്യരോട് സംസാരിക്കുന്നതു തൻെറ പുത്രൻ മുഖാന്തരമാണ്. ദൈവത്തിനു വേണ്ടി ഈ അന്ത്യകാലത്ത് സംസാരിക്കുന്നത് ക്രിസ്തുവാണ്. ദൈവാത്മാവിനെ അപ്പൊസ്തലന്മാരിൽ വാഗ്ദാനം ചെയ്ത് കൊടുക്കുകയും അവർ അവനിൽ നിന്നു പഠിച്ച ഉപദേശങ്ങൾ ഒന്നും മറന്നു പോകാതെ സത്യം സത്യമായി തന്നെ പ്രസ്താവിക്കയും എഴുതുകയും ചെയ്തു. ആ വചനം എന്നേക്കും സ്ഥിരമായിരിക്കേണ്ടതിനു ഉറപ്പിക്കയും ചെയ്തു (എബ്രായർ 1:1-2;2:3-4; യോഹന്നാൻ 16:12-14;മത്തായി 28:18;പ്രവൃത്തി 2:42). പുതിയ നിയമം നിത്യ നിയമമാണെന്നും ദൈവേഷ്ടം ചെയ്വാനും നമ്മെ യഥാസ്ഥാനപ്പെടുത്താനും അത്രെ അങ്ങനെ നിലനിർത്തിയിരിക്കുന്നത് എന്നും എബ്രായ ലേഖകൻ വിവരിക്കുന്നുണ്ട് (എബ്രായർ 13:20-21).

മുകളിൽ ഉദ്ധരിച്ച വാക്യങ്ങളും അതുപോലെയുള്ള മററു വാക്യങ്ങളും തെളിയിക്കുന്നതെന്തെന്നാൽ ബൈബിൾ, പൂർണ്ണതയുള്ള ദൈവ വെളിപ്പാടാണ് എന്നത്രെ. പ്രിയരേ, നമുക്കു പൊതുവിലുള്ള രക്ഷയെ കുറിച്ച് നിങ്ങൾക്കു എഴുതുവാൻ സകല പ്രയത്നവും ചെയ്കയിൽ വിശുദ്ധന്മാർക്കു ഒരിക്കലായിട്ടു ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി പോരാടേണ്ടതിനു പ്രബോധിപ്പിച്ചെഴുതുവാൻ ആവശ്യമെന്ന് എനിക്ക് തോന്നുന്നു. നിരന്തരമായി പ്രാബല്യത്തിൽ ഇരിക്കുന്ന വിശ്വാസ വ്യവസ്ഥയാണ് പുതിയ നിയമത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

വിശ്വാസത്തിനായി പോരാടുക എന്നാൽ പുതിയ നിയമ ഉപദേശങ്ങൾക്കു വേണ്ടി നിലകൊള്ളുക എന്നർത്ഥം. അതിനെതിരായി പൊങ്ങുന്ന എല്ലാ ഇടർച്ചകളേയും മാററി നിർത്തണം. അതിനാണ് ഓരോരുത്തർക്കും ധൈര്യം വേണ്ടത്.

ഈ വാക്യങ്ങളുടെ എല്ലാം അർത്ഥം നാം പരിശോധിക്കുമ്പോൾ തെളിയുന്നത് ഏക വെളിപ്പാട് മതി എന്നതാണ്. വിശ്വാസം എന്ന പദത്തിലൂടെ, ഉപദേശ രൂപം എന്ന വാക്കിലൂടെ, രക്ഷ എന്ന നാമത്തിലൂടെ പറഞ്ഞിരിക്കുന്നതെല്ലാം ദൈവത്തിൻെറ മനുഷ്യർക്കുള്ള വെളിപ്പാടിനെ സൂചിപ്പിച്ചിരിക്കയാണ്. ഇന്നു സകല മനുഷ്യരും വിശ്വസിക്കേണ്ടതും അനുസരിക്കേണ്ടതും ഈ വെളിപ്പാട് മാത്രമാണ്. ഇതിനു പകരമായിട്ടോ അല്ലെങ്കിൽ വേറൊന്നോ ഇല്ല എന്ന് ഉറപ്പിക്കുക. സത്യം ഒരിക്കലായിട്ട് എന്നേക്കുമായി ദൈവം വെളിപ്പെടുത്തി തന്നു. അതിനു വിശേഷണം നല്കുകയോ മോടി പിടിപ്പിക്കയോ ചെയ്യേണ്ട ആവശ്യമില്ല. കാരണം അത് മതിയായതും തികവുള്ളതുമായ ഒന്നാണ്. ഇതിൻെറ ഉദ്ദേശ ശുദ്ധിയെ നാം മാനിക്കണം. ഇന്നു ധാരാളം ദുരുപദേശങ്ങൾ ലോകത്തിൽ പ്രചരിപ്പിച്ചിട്ടുണ്ട്. അവയൊന്നും ചെവിക്കൊള്ളരുത്. പരിശുദ്ധാത്മാവിനാൽ യാതൊരു തെററും കൂടാതെ തന്നിരിക്കുന്ന കർത്താവിൻെറ ഉപദേശത്തെ ആരും മലിനമാക്കരുത് (ഗലാത്യർ 1:11;2 പത്രോസ് 1:21).

ദൈവത്തിൻെറ പുതിയ ഉടമ്പടി ക്രിസ്തുവിൽ കൂടെ നമ്മുടെ നന്മക്കായി തന്നിരിക്കുകയാണ്. അതിനെ എന്നേക്കുമായി സ്ഥിരപ്പെടുത്തിയിരിക്കുന്നു. അതിനെ മാററുവാൻ ആർക്കും ദൈവം അധികാരം കൊടുത്തിട്ടില്ല. അതിൽ നിന്നും ഒന്നും എടുത്തു മാററുവാനോ കൂട്ടു ചേർക്കുവാനോ പാടില്ല. അങ്ങനെ ചെയ്താൽ നമ്മെ രക്ഷിക്കുവാൻ വേണ്ടിതന്ന വെളിപ്പാട് നമ്മെ അവസാനം ശിക്ഷിക്കും.

★

# പുകവലി

## ഫ്രാൻസിസ് ഡേവിഡ്

പൊതുസ്ഥലങ്ങളിൽ പുകവലി നിരോധിച്ചുകൊണ്ടു ഡെൽഹി ഗവൺമെൻറ് അനുമോദനം അർഹിക്കുന്ന ഒരു ഉത്തരവ് നടപ്പാക്കി. പത്ര വായനയിൽ നിന്നും കുറെ പേർ ഇതിനെ ഇഷ്ടപ്പെടുന്നതായും മററു ചിലർ ഇഷ്ടപ്പെടാതിരിക്കുന്നതായും ഞാൻ മനസിലാക്കി. അമേരിക്കയിലെ ന്യൂയോർക്കിൽ മിക്കവാറും എല്ലാ ഹോട്ടലുകളിലും പുകവലി നിരോധിച്ചതു പോലെ ഇവിടെയും ആകും എന്ന രീതിയിലാണ് പ്രാദേശിക പത്രങ്ങൾ ഇതിനെ വിവരിച്ചത്. പുകവലി നിമിത്തം ഈ പൊതു മേഖലയിൽ ജോലി ചെയ്യുന്ന പലർക്കും ഇതു വൈഷമ്യം ഉണ്ടാക്കുന്നുണ്ട്. ആളുകൾ ഈ നിരോധനത്തെ ഗൗരവമായി എടുത്തു കൊണ്ട് പുകവലി നിർത്തിയാൽ എത്ര നന്നായിരുന്നു.

അനേകം ദു:സ്വഭാവങ്ങൾ മനുഷ്യരിലുണ്ട്. അതിൽ ഒന്നാണ് പുകവലി. വലിക്കുന്ന ആൾക്കും അടുത്തു നില്ക്കുന്നവർക്കും ദോഷകരമായ ഒന്നാണ് പുകവലി. പുകവലി ആരോഗ്യത്തിന് ഹാനികരമാണെന്ന വിശദീകരണം സിഗററ് പാക്കററിൽ ഉണ്ടാകും. പക്ഷെ അത് ആരാണ് ശ്രദ്ധിക്കാറ്? ഇത്തരം നിയമ പരമായ മുന്നറിയിപ്പുകളും മതപരമായ, സമുദായ സംഘടനകളുടെ മുന്നറിയിപ്പുണ്ടാകയും ചെയ്തിട്ടും വലിക്കാൻ മടിക്കാത്തവർ ഇന്നും ധാരാളം ഉണ്ട്. വിദ്യാർത്ഥികളിലും യുവാക്കളിലും വൃദ്ധജനങ്ങളിലും ഈ സ്വഭാവം കാണുന്നുണ്ട്. അവർ അതിനു അടിമപ്പെട്ടു കഴിഞ്ഞിരിക്കയാണ്. പല രീതിയിലും ഭാവത്തിലും പുകവലി നടത്തി കാണിക്കുന്നവർ ഉണ്ട്. പുകവലിയിൽ അടങ്ങിയിരിക്കുന്ന വിഷാംശം ക്രമേണ ശരീരാവയവങ്ങളെ കാർന്നു തിന്നുന്നതായി മനസിലാക്കി കഴിയുമ്പോൾ അവർക്കു പിന്നെ പുകവലിയിൽ നിന്നു വി

ട്ടു നിന്നാൽ പോലും പ്രയോജനമില്ലാതായി കാണുന്നു. സ്വന്ത ശരീരത്തെ ദണ്ഡിപ്പിക്കുക എന്നതു പാപമാണ്.

പുകവലിക്കാൻ ചിന്തിക്കാത്തതായ ഒന്ന്, ദൂഷ്യഫലം അനുഭവപ്പെടുന്നത് പുറമെയല്ലാ എന്നതാണ്. ശ്വാസകോശത്തിലേക്കാണ് അവർ പുക ആവഹിച്ചെടുക്കുന്നത്. ശ്വാസകോശാർബ്ബുദം തുടങ്ങിയ മാരക രോഗങ്ങൾ ഇതു മൂലം ഉണ്ടാകുന്നുണ്ട്. സ്നേഹിതരേ, നിങ്ങൾ പുകവലിക്കുമ്പോൾ കിട്ടുമെന്ന് കരുതുന്ന തല്ക്കാല ഉന്മേഷം നിങ്ങളുടെ ആയുസിനെ കുറക്കുകയാണ് ചെയ്യുന്നത്. ഈ ദുഃശീലത്തിൽ നിന്നു നിങ്ങൾക്കു ഒഴിഞ്ഞു മാറുവാൻ സാദ്ധ്യമല്ലേ? തീർച്ചയായും കഴിയും. പക്ഷേ നിങ്ങൾ തന്നെ അതിനു മനസു വെക്കണം. നിങ്ങളുടേയും മററുള്ളവരുടേയും നന്മക്കായി നിങ്ങൾ തീരുമാനം മാററണം. സ്വന്ത കഴിവു കൊണ്ടു സാദ്ധ്യമല്ലെങ്കിൽ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടു ദൈവ വചനം അനുസരിച്ച് ജീവിക്കാമെന്നു തീരുമാനിക്കുക. അങ്ങനെ നിങ്ങൾ ജീവിക്കാൻ ആരംഭിച്ചാൽ ദൈവ സഹായം നിങ്ങൾക്കുണ്ടാകും (ഫിലിപ്പിയർ 4:13). ദൈവത്തിനു സകലവും സാദ്ധ്യമാണ്. മനസിനെ മാററുവാനും ജീവിതത്തെ ക്രമീകരിക്കുവാനും.

നിങ്ങൾ ദൈവത്തിനും അവൻെറ കല്പനകൾക്കും കീഴ്പ്പെടുമെങ്കിൽ നിങ്ങളുടെ മനസിനും ശരീരത്തിനും അർത്ഥമുണ്ടാകും. ദൈവത്തെ അനുസരിക്കുന്നവരുടെ ഹൃദയത്തിൽ ദൈവം വസിക്കും. അപ്പോൾ മുതൽ അവനോ അവളോ ക്രിസ്തുവിൽ ആയിതീരും. ഒരു സത്യ ക്രിസ്ത്യാനിയുടെ ശരീരം ദൈവത്തിൻെറ മന്ദിരമാണ്. ക്രിസ്തുവിലായി തീർന്നവരെ കർത്താവിൻെറ രക്തം കൊടുത്തു വിലക്കു വാങ്ങിയിരിക്കയാൽ അവർ താന്താങ്ങൾക്കുള്ളവരല്ല. അവർ തങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുകയാണ് വേണ്ടത് (1 കൊരിന്ത്യർ 6: 19-20).

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers; Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 8.45 to 9.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.00 to 2.15 P.M.
Tuesdays — 2.00 to 2.15 P.M.
Thursdays — 2.00 to 2.15 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert
Rathnakar—Box. 448, Bangalore—560004
Sundays — 1.45 to 2.00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

You are Cordially Invited
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To